കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി12/1800/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-19.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി12/1800/2017 തീയlf – 19.10.2017

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-09-2016 മുതൽ 10-8-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ.പി.എം<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-8-2017മുതൽ 19-8-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജയദേവൻ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | സൈതലവി | 1-4-2016 മുതൽ 27-1-2017 വരെ |
| | ആഷിഫ്.പി (Assist Sec i/c) | 28-1-2017 മുതൽ 31-03-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ..അശോകൻ.സി | 1-4-2016 മുതൽ 28-7-2016 വരെ |
| | ഡോ..ഗിരിജ സജീവ് | 29-7-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനുജ | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അന എസ്.ജയറാം | 1-4-2016 മുതൽ 16 -9-2016 വരെ |
| | ഡോ.ജ്യോതിമോൻ.പി.ബി. | 17-9-2016 മുതൽ 31-3-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ.ശശിധരൻ നായർ | 1-4-2016 മുതൽ 05-11-2016 വരെ |
| | ശ്രീ.ആഷിഫ്.പി. | 6-11-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.രാജൻ.പി (i/c) | 1-4-2016 മുതൽ 31-1-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഹയറുന്നീസ.കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.ശാന്തിനി.വി.എൽ. | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീ.ശങ്കരൻ കെ.വി. | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനീഷ് | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരുമാന നം. |
|---|---|---|
| 2016-17 | 3-3-2016 | 1 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 21-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2184068.50 |
| വരവ് | 37850455.00 |
| ആകെ | 40034523.5.00 |
| ചെലവ് | 36594509.00 |
| നീക്കിയിരിപ്പ് | 3440014.50 |

## 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാര മുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6046897 | 6046897 | 4841226 | 80 | 1205671 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7799730 | 7799730 | 5186723 | 66 | 2613007 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4094214 | 4094214 | 3194214 | 78 | 900000 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1032882 | 40 | 1521873 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3391403 | 3391403 | 2431636 | 72 | 959767 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 21777895 | 21777895 | 3900429 | 18 | 13877466 |
| എം.എൻ.ആർ. ഇ.ജി.എസ്. | 2719 | 754993 + 18003983 (EFMS) | 18761695 | *753854 + 18003983 (EFMS) | 100 | 3858 (നീക്കിയിരുപ്പ്) |
| ബി.ഫണ്ട് | 0 | 203640 | 203640 | 203640 | 100 | 0 |

MGNREGS അഡ്വാൻസായി 188960 രൂപ നൽകിയിട്ടുള്ളത് തനതുഫണ്ടിന്റെ അഡ്വാൻസ് ഹെഡിൽ ചെലവു വരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി ചെലവ് R&P സ്റ്റേറ്റ്മെന്റിൽ NREGS ചെലവു ഹെഡിൽ വരുന്നില്ല. എന്നാൽ I&Eചെലവു ഹെഡിൽ യഥാർത്ഥ ചെലവായ 753854 രൂപ ഉൾപ്പെട്ടിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 138 | 52482711 | 88 | 21065064 | 50 | 40 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 16 | 13874630 | 4326530 | 31 |
| അസി.സെക്രട്ടറി | 18 | 12 | 4105300 | 1872500 | 45 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 64 | 30 | 23407042 | 6586198 | 28 |
| കൃഷി ഓഫീസർ | 04 | 04 | 1394390 | 933000 | 67 |
| വെറ്റിനറി സർജ്ജൻ | 06 | 06 | 1630000 | 1095000 | 67 |
| മെഡിക്കൽ ഓഫീസർ- അലോപ്പതി | 02 | 02 | 421224 | 421224 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 01 | 01 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 0 | 0 | 0 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06 | 05 | 2288500 | 1728487 | 76 |
| വി.ഇ.ഒ | 09 | 07 | 3906625 | 2740125 | 70 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 355000 | 300000 | 85 |
| ഹെഡ് മാസ്റ്റർ | 04 | 04 | 500000 | 462000 | 92 |
| ആകെ | 138 | 88 | 52482711 | 21065064 | 40 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3291569 | 5057421 | 1765852 | 54 |
| നികുതിയേതര വരവുകൾ | 3198348 | 3119703 | (-)78645 | (-)2 |
| ആകെ | 6489917 | 8177124 | 1687207 | 26 |

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 26

ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തതിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 14 | 14 | 0 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 7 | 7 | 4 | - |
| 3 | വിധവാ പെൻഷൻ | 51 | 51 | 3 | |
| 4 | വികലാംഗ പെൻഷൻ | 18 | 18 | 0 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 12 | 2 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 252 | 252 | 13 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-8-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2519/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ കുടിവെള്ള ടാപ്പുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-7-17 മുതൽ 6-7-17 വരെ | 1-6-2017 മുതൽ 30-6-2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-1-2011 മുതൽ 15-1-2011 വരെ | 2005-06 മുതൽ 2009-10 വരെ | 18-2-2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യപത്രികയിലെ കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2016-17 വർഷാവസാനത്തിലെ കുടിശ്ശിക |
|---|---|
| വസ്തു നികുതി ഗാർഹികം (തൻ വർഷം) | 141077 |
| വസ്തു നികുതി ഗാർഹികേതരം (തൻ വർഷം) | 390681 |
| വസ്തു നികുതി ഗാർഹികം (അരിയർ) | 577968 |
| വസ്തു നികുതി ഗാർഹികേതരം (അരിയർ) | 89717 |
| 2016-17 വർഷാവസാനത്തിലെ ആകെ കുടിശ്ശിക | 1199443 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മേൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ക്യാമ്പ് കളക്ഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു എന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് പൂർത്തിയാക്കി 100 ശതമാനം നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങി എന്നും അറിയിച്ചിട്ടുണ്ട്.വസ്തു നികുതി കുടിശ്ശിക കൃത്യമായി പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളിലെ 2 എണ്ണത്തിൽ നിന്ന് മാത്രമാണ് കൃത്യമായി വസ്തു നികുതി ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. അവശേഷിക്കുന്ന 4 മൊബൈൽ ടവറുകളിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം കുടിശ്ശിക ലഭ്യമാകാനുണ്ട്.

| വാർഡ്/ കെട്ടിട നം. | ഏജൻസിയുടെ പേര് | വാർഷിക വസ്തുനികുതി ഡിമാന്റ് | 2013-14 മുതൽ 2016-17 വരെയുള്ള ആകെ ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|
| 8/326 | ഇൻഡഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 18375 | 73500 | 0 | 73500 |
| 8/326A | ഇൻഡഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 2520 | 10080 | 0 | 10080 |
| 12/280 | ഇൻഡഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 56070 | 224280 | 0 | 224280 |
| 12/280A | ഇൻഡഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 4389 | 17556 | 0 | 17556 |
| | | | | ആകെ കുടിശ്ശിക | 325416 |

ഇത് സംബന്ധിച്ച് നൽകികിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8)12/280, 12/280A എന്നീ നമ്പറുകളിലെ മൊബൈൽ ടവറുകളിൽ നിന്നും ഉയർന്ന ഡിമാന്റാണ് നിലവിലുള്ളത് എന്നും ആയത് പുനപരിശോധന നടത്തി ഉടമസ്ഥരിൽ നിന്നും തുക ഈടാക്കുന്നതാണ് എന്നുമാണ് മറുപടി അറിയിച്ചിട്ടുള്ളത്. ആയത് പൂർത്തിയാക്കി വസ്തു നികുതി കുടിശ്ശിക പിഴ പലിശ സഹിതം അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പിരിവ്- സഞ്ചയ സോഫ്റ്റ്‌വെയർ ,സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിലെ 2016-17 വർഷത്തെ കണക്കുകളും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയിലെ കണക്കുകളും തമ്മിൽ ചുവടെ ചേർക്കുന്ന പ്രകാരം വ്യത്യാസം കണ്ടെത്തി.

| ഇനം | സഞ്ചയ പ്രകാരം കളക്ഷൻ | സാഖ്യ പ്രകാരം കളക്ഷൻ |
|---|---|---|
| വസ്തു നികുതി 2016-17 തൻവർഷം | 821240 | 892883 |
| വസ്തു നികുതി അരിയർ | 475168 | 469983 |

മേൽ വ്യത്യാസം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7) സാംഖ്യ പ്രകാരമുള്ള കളക്ഷനാണ് യഥാർത്ഥ തുക എന്നും ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ്

ചെയ്ത് വ്യത്യാസം പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രകാരം വ്യത്യാസം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) അനുസരിച്ച്, പഞ്ചായത്തിന്റ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പും അവയുടെ ബാങ്ക്/ട്രഷറി പാസ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ മാസാന്ത്യത്തിലും, വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി, പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഇത്തരത്തിൽ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല. അക്കൗണ്ടുകൾ മാസാന്ത്യത്തിലും,വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി, പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവഹണത്തിലെ കാലവിളംബം-പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു

പ്രൊജക്ട് നം.7/2017: 'ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ'

അടങ്കൽ : 148000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : 146500

ബിൽ നം. 6/2016-17 തിയതി. 4.3.2017
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി പ്രകാരം താഴെ പറയുന്ന അഞ്ച് ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | കോഴ്സ് | പഠിക്കുന്ന സ്ഥാപനം | പഠനം പൂർത്തിയാക്കിയ മാസം |
|---|---|---|---|---|
| 1 | പ്രദീപ്.എം.സി<br>മണ്ണൂർ കുണ്ടിൽ, കാട്ടുകുളം | MBA | അഹല്യ സ്കൂൾ ഓഫ് മാനേജ്മെന്റ് | 05/2015 |

| | | | | |
|---|---|---|---|---|
| 2 | സുചിത്ര.എം.ടി<br>മാട്ടത്തിൽതൊടി, കടമ്പൂർ | M-com | വിടി.ബി. കോളേജ് മണ്ണമ്പറ്റ | 8/2015 |
| 3 | ആതിര.പി<br>പുള്ളുവൻതൊടി വളപ്പിൽ<br>താണിക്കുന്ന് | M-com | ഗവ.സംസ്കൃത കോളേജ്<br>പട്ടാമ്പി | 06/2015 |
| 4 | അജിത.പി<br>പുല്ലാനിക്കാട്<br>താണിക്കുന്ന് | M.A | NSS കോളേജ്<br>ഒറ്റപ്പാലം | 2/2016 |
| 5 | രോഹിണികൃഷ്ണ.പി.ടി<br>പാഴൂർതൊടി<br>മണ്ണൂർകോട് | MSc | MG University | 06/2015 |

മേൽപറഞ്ഞ വിദ്യാർത്ഥികളെ 20-06-2015 ൽ ചേർന്ന ഗ്രാമസഭയിൽ നിന്നാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. .ഈ പദ്ധതി പ്രകാരം KELTRON ൽ നിന്നുമാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ 10.04.2016 ന് ഗുണഭോക്താക്കൾ കൈപ്പറ്റുകയുണ്ടായെങ്കിലും 4.3.2017 ന് മാത്രമാണ് കെൽട്രോണിന് തുക നല്കിയിട്ടുള്ളത് (KELTRON രസീതി നം.11322 തിയതി 6.3.2017). ലാപ്ടോപ് കൈപ്പറ്റുമ്പോൾ എല്ലാ ഗുണഭോക്താക്കളും പഠനം പൂർത്തീകരിച്ചിരുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്) നം.4/2016 ത.സ്വ.ഭ.വ തിയതി 11.01.2016 ഖണ്ഡിക 6.8 ക്രമ നം. 6 പ്രകാരം നിലവിൽ വിദ്യാർത്ഥികളായ ആളുകൾക്ക് മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹത. ഈ വസ്തുത നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുവെങ്കിലും 30-11-2016 ലെ ഭരണസമിതിയുടെ 1(6)ാം നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അപേക്ഷിച്ച വേളയിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ചിട്ടുള്ളവരാകയാലും, കാലതാമസത്തിന് ടിയാളുകൾ ഉത്തരവാദികളല്ലാത്തതിനാലും ആനുകൂല്യം നൽകിയത് അംഗീകരിക്കുകയും കെൽട്രോണിന് പേയ്മെന്റ് നൽകാൻ തീരുമാനിക്കുകയുമാണ് ഉണ്ടായത്.

പദ്ധതിയിൽ പഠനം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11 തിയതി.19.08.17) ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണമായി ലാപ്ടോപ്പ് നല്കി പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദാത്തമായ കാഴ്ചപ്പാടായിരുന്നു ഈ പദ്ധതിക്കു പുറകിൽ ഉണ്ടായിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. പഠനം പൂർത്തീകരിച്ചതിനു ശേഷം ലാപ്ടോപ്പുകൾ വിതരണം ചെയ്തതിനാൽ മറുപടിയിൽ സൂചിപ്പിച്ച പ്രകാരമുള്ള ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ല എന്നു വ്യക്തമാണ്. കാലവിളംബം സംഭവിച്ചത് ഗുണഭോക്താക്കളുടെ വീഴ്ചയല്ല എന്നതിനാലാണ് പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കുവാൻ ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളത് . പഞ്ചായത്ത് ഭരണ സമിതിയുടെ ഉദ്ദേശ ശുദ്ധി

അംഗീകരിക്കുന്നുവെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സമയബന്ധിതമായി നടപ്പിലാക്കുന്നതിലും വരുന്ന വീഴ്ചകൾ മുഖേനയാണ് ഇത്തരം അപാകങ്ങൾ സംഭവിക്കുന്നത് എന്നതിനാൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ കർശനമായും ഒഴിവാക്കേണ്ടതുമാണ്.

## 3-2 E-Tender മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ടി തുകകൾ അതത് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | പങ്കെടുത്ത കരാറു കാരുടെ എണ്ണം | ടെണ്ടർ വാല്യൂ + വാറ്റ് | ആകെ ടെണ്ടർ വാല്യൂ. | ആകെ ഇ.എം.ഡി | തുകകൾ നിക്ഷേപിച്ച അക്കൗണ്ട് നം. |
|---|---|---|---|---|---|---|
| താന്നിക്കുന്ന് ജി.എൽ.പി.എസ്. നവീകരണം | 3696646 | 4 | 2500+125 =2625 | 10500 | 200000 | 67249238637-എസ്.ബി.ഐ. പാലക്കാട് |
| പട്ടിശ്ശേരി അംഗൻവാടി നവീകരണം, അഭിവൃദ്ധി പ്പെടുത്തൽ | 1434568 | 2 | 2500+125 =2625 | 5250 | 71800 | 67249238637-എസ്.ബി.ഐ. പാലക്കാട് |
| പി.എച്ച്.സി. കാട്ടുകുളം സബ്ബ് സെന്റർ നവീകരണം | 1949967 | 2 | 2500+125 =2625 | 5250 | 97600 | 67249238637-എസ്.ബി.ഐ. പാലക്കാട് |
| ഒടാട്ടിൽ കോളനി തൊങ്ങത്ത് പാറ റോഡ് നവീകരണം | 599906 | 2 | 1200+60 =1260 | 2520 | 30000 | 67249238637-എസ്.ബി.ഐ. പാലക്കാട് |
| മുന്നൂർക്കോട് സബ്ബസെന്റർ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 882067 | 2 | 1800+90 =1890 | 3780 | 47700 | 67249238637-എസ്.ബി.ഐ. പാലക്കാട് |
| കല്ലുവഴി സബ്ബ്സെന്റർ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 928062 | 2 | 1900+95 =1995 | 3990 | 50000 | 67249238637-എസ്.ബി.ഐ. പാലക്കാട് |

ടെണ്ടർ ഫോറം വില 29800/- രൂപ പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും വാറ്റ് തുക 1490/- രൂപ വില്പന നികുതി അടയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. SO.121/17പ്രകാരം കടുങ്ങൻചിറ കുടിവെള്ള പദ്ധതിയുമായി (ബിൽ നം. 23/16-17 /27-8-2016, 280988രൂ.) ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ഗുണഭോക്തൃസമതിതിയുമായി ചമച്ചിട്ടുള്ള പരിപാലനവുമായി ബന്ധപ്പെട്ട കരാർ.
- ടാങ്ക് നിർമാണത്തിന് സ്ഥലം കൈമാറിക്കിട്ടിയത് സംബന്ധിച്ച് രേഖകൾ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആയവ പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ചെലവ് തുക 280988രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

# 3-4 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് ഒഴിച്ചുകൂടാനാവാത്തതാണ്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ ഉപഭോഗത്തിനനുസൃതമായി കൃത്യമായ നിരക്കിലല്ല വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കി വരുന്നത്. പ്രതിമാസം 50478 രൂപ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.

| ക്രമ നം | ഇനം | എണ്ണം | 2016-17ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് | 18.04.17 മുതൽ നിരക്ക് | നിലവിൽ പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് 40 വാട്ട് | 29 | 61 | 1769 | 66 | 1914 |
| 2 | ഓർഡിനറി ബൾബ് 100 വാട്ട് | 204 | 155 | 31620 | 167 | 34068 |
| 3 | സിഎഫ്എൽ 1*18 വാട്ട് | 267 | 12 | 3204 | 26 | 6942 |
| 4 | സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 16 | 414 | 6624 | 447 | 7152 |
| 5 | ഫ്ലൂറസന്റ് ട്യൂബ് 2*40 വാട്ട് | 3 | 124 | 372 | 134 | 402 |
| | ആകെ | | | 43589 | | 50478 |

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല -

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. എന്നിട്ടും പഞ്ചായത്ത് പരിധിയിൽ 233 സാധാരണ ലാമ്പുകൾ പ്രകാശിക്കുന്നുണ്ടെന്നാണ് വൈദ്യുതി ബോർഡിന്റെ കണക്ക്. സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജായി 35982 രൂപയാണ് 18.04.2017 മുതൽ KSEB ഈടാക്കി വരുന്നത്. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് തുടർന്നു വരുന്നു. ഉപയോഗിക്കാത്തവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 16 സോഡിയം വേപ്പർ ലാമ്പുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 7152 രൂപയാണ്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക ബാദ്ധ്യത വർധിപ്പിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ തദനുസൃതമായ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.
5. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനും ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 വീട് പുനരുദ്ധാരണം - അർഹമായതിലും കുറവായി ഫണ്ട് വകയിരുത്തി

പ്രൊജക്റ്റ് നം- 81/17 വികസന ഫണ്ട് (ജനറൽ)

അടങ്കൽ-260000/-

ചെലവ്-250000/-

12-ാം പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016/ത.സ്വ.ഭ.വ തീയതി- 11-01-2016 പ്രകാരം വീട്ടു റിപ്പയർ പൊതു വിഭാഗത്തിനും എസ് സി വിഭാഗത്തിനും 25000/- രൂപ വീതവും എസ് ടി വിഭാഗങ്ങൾക്ക് 30000/- രൂപയും അനുവദിക്കാവുന്നതാണ്. എന്നാൽ 15-11-2017 ലെ (1) 3-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകിയ പദ്ധതിയിൽ 25 പേർക്ക് 10000/- രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയത് പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വീട് റിപ്പയറിന് ആനുകൂല്യം കുറവായി നൽകിയതു കൊണ്ട് റിപ്പയർ ഭാഗികമായി നടത്തുവാനേ സാധിച്ചിട്ടുള്ളൂ. പദ്ധതി ആസൂത്രണ വേളയിൽ തന്നെ പുനരുദ്ധാരണത്തിന് പര്യാപ്തമായ രീതിയിൽ തുക വകയിരുത്തേണ്ടതും സർക്കാർ നിഷ്കർഷിച്ച നിരക്കിൽ ധനസഹായം നൽകുന്നതിനും ശ്രദ്ധയുണ്ടാക്കേണ്ടതാണ്. പൊതുവിഭാഗം വികസന ഫണ്ടിൽ 1205671/- രൂപ ചെലവാക്കാതെ ശേഷിപ്പുണ്ടായിരുന്നു. എന്നിട്ടും പദ്ധതിക്ക് തുക കുറവായി വകയിരുത്തിയത് ആസൂത്രണത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കു പ്രകാരം 64 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ മാസം 28000 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതായുണ്ട്. വർഷങ്ങളായി വെള്ളക്കരം അടയ്ക്കാത്തതിനാൽ നിലവിൽ കുടിശ്ശികയും പിഴയും ചേർത്ത് ആകെ 239816 രൂപ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുണ്ട്.

2016-17 കാലയളവിൽ ലോക ബാങ്ക് ധനസഹായം ഉപയോഗിച്ച് ജല അതോറിറ്റി മുഖേന പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 2786542 രൂപയും ചെലവു ചെയ്തിട്ടുള്ളതിനാൽ ഇനിയും പൊതു ടാപ്പുകൾ നില നിർത്തുന്നത് പഞ്ചായത്തിന് അധിക ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന ഓഡിറ്റ് നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. ഹൗസ് കണക്ഷനുകൾ പ്രോൽസാഹിപ്പിച്ച് ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ഘട്ടം ഘട്ടമായി ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്) നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.
2. സംയുക്ത പരിശോധനയിലൂടെ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താനും പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ കുറവു ചെയ്യുന്നതിനും വെള്ളക്കരം തദനുസൃതമായി ക്രമീകരിക്കുന്നതിനും ജല അതോറിറ്റിയോട് ആവശ്യപ്പെടാവുന്നതാണ്.
3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 വി ഇ ഒ നടപ്പാക്കിയ പി.എം.എ.വൈ. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2016-17 വർഷത്തിൽ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി പി.എം.എ.വൈ ഭവന നിർമ്മാണം നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ നിന്നും ബി ഡി ഒ, പാലക്കാടിന് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജ നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| 103/17 പി.എം.എ.വൈ (scp) ഫണ്ടിനം-വികസന ഫണ്ട് | ബിൽ നം-13/17, 6-03-17<br>200000/- | ബി ഡി ഒ ശ്രീകൃഷ്ണപുരം |

വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ബയോഗ്യാസ് പ്ലാൻ്റ് നാളിതുവരെയും പദ്ധതി തുടങ്ങിയിട്ടില്ല

പ്രൊജക്റ്റ് നം 118/16-17 അടങ്കൽ – 556500 (ഗുണഭോക്തൃവിഹിതം ഉൾപ്പെടെ)

നിർവ്വഹണം -വി ഇ ഒ ചെലവ് – ഇല്ല

നിർവ്വഹണ ഏജൻസി- IRTC മുണ്ടൂർ

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ആവിഷ്ക്കരിച്ച ബയോഗ്യാസ് പ്ലാൻ്റ്, പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടില്ല. 53 ഗുണഭോക്താക്കൾക്ക് 10500/-രൂപ നിരക്കിലുള്ള പ്ലാൻ്റ് സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മുൻ വർഷത്തെ പദ്ധതി ഭേദഗതി വരുത്തി ഡി പി സി അംഗീകാരം ലഭിക്കുവാൻ കാലതാമസം വന്നതിനാലാണ് പദ്ധതി തൻ വർഷത്തിൽ നടപ്പിലാക്കുവാൻ സാധിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (5/18.08.2017) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി (187/18) അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## 3-9 ശുചിത്വ കക്കൂസ് നിർമ്മാണം പദ്ധതിക്കു വേണ്ടി പ്ലാൻ ഫണ്ട് തുക ചെലവഴിച്ചതിൽ 144000/-രൂപ ക്രമീകരിച്ചിട്ടില്ല.

പദ്ധതി നം.-11/17
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

അടങ്കൽ-739200 (വികസന ഫണ്ട്)

ചെലവ്- 739200

ശുചിത്വ മിഷൻ ജില്ലാ ഓഫീസിൻ്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനിയി 15400/-രൂപ വീതം (കേന്ദ്ര വിഹിതം - 12000 + പഞ്ചായത്ത് വിഹിതം - 3400) സബ്സിഡി അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര വിഹിതം ശുചിത്വ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016

/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതിയായ ശുചിത്വ കക്കൂസ് നിർമ്മാണത്തിന് വേണ്ടി 739200 രൂപ വികസന ഫണ്ടും വകയിരുത്തുകയും ചെലവാക്കുകയും ചെയ്തു. എന്നാൽ 595200/- രൂപ മാത്രമാണ് ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക 144000 /- നാളിതു വരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ടി തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തിരികെ ലഭിച്ച വികസന ഫണ്ട് മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

## 3-10 കുടുംബശ്രീയുടെ സേവിങ്ങ്സ് ബാങ്ക് അക്കൌണ്ടിൽ ചെലവഴിക്കാത്ത 208000/-തുക തിരിച്ചടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീയുടെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ 2005-06 ലെ കേരള വികസന പദ്ധതി പ്രകാരം ലഭിച്ച ജില്ല പഞ്ചായത്ത് പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നും 1-10-2014വരെ മാത്രമാണ് വീടിനും തുറന്ന കിണറിനും ആവശ്യമായ ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്. ഈയിനത്തിൽ ബാക്കി 208000/-രൂപ അന്നത്തെ പദ്ധതി പ്രകാരം ഇനി ചെലവഴിക്കാനാവാത്തതിനാലും ടി തുക അടിയന്തരമായി തിരിച്ചടക്കേണ്ടതാണ്.

## 3-11 പൂക്കോട്ടുകാവ് എം ജി എൻ ആർ ഇ ജി എസ് പെൺ കൂട്ടായ്മ- സ്ത്രീ ശാക്തീകരണത്തിന്റെ ഉത്തമ മാതൃക

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെടുന്ന പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത് 1977 ലാണ് നിലവിൽ വന്നത്. ഏകദേശം 2222.01 ച കി മി വിസ്തീർണമുള്ള പഞ്ചായത്ത് തികച്ചും ഗ്രാമീണമായ അന്തരീക്ഷത്തിലാണ് സ്ഥിതി ചെയ്യുന്നത്. 13 വാർഡുകളിലായി 19300 വരുന്ന ജനസംഖ്യയിൽ 90 ശതമാനം പേരും കർഷകരും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുമാണ്. ഈ പഞ്ചായത്തിലുള്ള 48 എസ് സി കോളനികളിലെ നിവാസികളിൽ ഭൂരിപക്ഷവും ദാരിദ്രരേഖക്കു താഴെയുള്ളവരാണ്. തൊഴിലുറപ്പ് പദ്ധതികളിലൂടെയുള്ള സമ്പാദ്യമാണ് ഇവരുടെ നിത്യജീവിതത്തിനുള്ള ഏകമാർഗ്ഗം. ഈ പദ്ധതിയുടെ കീഴിൽ പണിയെടുക്കുന്നവരിൽ 98 ശതമാനവും സ്ത്രീകളാണ്. കടുത്ത ജലക്ഷാമത്തെ തുടർന്ന് കുളങ്ങളും കിണറുകളും മറ്റു ജലാശയങ്ങളും വറ്റുകയും കാർഷിക മേഖലയിൽ കടുത്ത പ്രതിസന്ധി ഉണ്ടാവുകയും ചെയ്തു. ഇതിനൊരു പരിഹാരം കണ്ടെത്തുക എന്ന കൃത്യമായ ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതികളാണ് ഉറവ, ജലോത്സവം എന്നിവ. അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തെ ഒരു പരിധിവരെ ഇല്ലായ്മ ചെയ്യുക എന്ന മഹത്തായ ലക്ഷ്യപ്രാപ്തിക്കു വേണ്ടി തൊഴിലുറപ്പ് പദ്ധതിയിലെ ഈ പെൺ കൂട്ടായ്മ അവരുടെ ആത്മാർത്ഥയോടുകൂടിയുള്ള കഠിന പ്രയത്നം കൊണ്ട് 171 പുതിയ കിണർ നിർമ്മിക്കുകയും, 197 കിണറുകൾ റീചാർജ്ജിങ്ങും, 34 കുളങ്ങൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണം നടപ്പിലാക്കുകയും ചെയ്തു . ഈ പദ്ധതിയുടെ കീഴിലുള്ള തൊഴിലാളികൾ, എൻ ആർ ഇ ജി എസ് ജീവനക്കാർ, ജനപ്രതിനിധികൾ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം ഈ

പദ്ധതിയുടെ വൻ വിജയത്തിനു വഴിയൊരുക്കി.

തരിശുഭൂമി കൃഷി അനുയോജ്യമാക്കിയ നിലയിൽ



ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള കണക്ക്

| ക്രമ നം | നടപ്പിലാക്കുന്ന പദ്ധതികൾ | അനുവദിച്ച ചെലവ് | യാഥാർത്ഥ ചെലവ് |
|---|---|---|---|
| 1. | നീർത്തട പരിപാലന പ്രവർത്തികൾ | 39277600 | 4614370 |
| 2. | തോടുകൾ, കനാലുകൾ പുനരുദ്ധാരണം | 8670000 | 3701680 |
| 3. | ജലസേജന കുളങ്ങളും മറ്റു ജലശ്രോതസുകളുടെ പുനരുദ്ധാരണം | 1675000 | 2357390 |
| 4. | ഭൂവികസനം-കുളം നിർമ്മാണം, കിണർ നിർമ്മാണം | 33300000 | 1644233 |
| 5. | ഐ എ വൈ ഭവന നിർമ്മാണം | 2457000 | 5565030 |
| 6. | തരിശുഭൂമി കൃഷി അനുയോജ്യമാക്കൽ | 5200000 | 121280 |

ജലോത്സവം 2016-17

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മാസ്റ്റർ സർക്കുലറിലെ പാര 4-2 -ബി- പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത

ആസ്തികൾ പദ്ധതി പ്രകാരം നിർമ്മിച്ച നൽകാവുന്നതാണ്. പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിൽ തൻ വർഷം 171 പുതിയ കിണർ നിർമ്മിച്ചതിൽ 169 കിണറുകളിലും വെള്ളം കണ്ടെത്തി . 34 കുളം ,തോട് പുനരുദ്ധാരണം പ്രവർത്തനവും 197 കിണർ റീചാർജ്ജിങ്ങ് പ്രവർത്തിയും നടപ്പിലാക്കിയിട്ടുണ്ട്. 13860 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ച് 3395700 രൂപ ചെലവഴിച്ച് പുതിയ കിണർ നിർമ്മാണ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. 15 മുതൽ 18മീറ്റർ വരെ താഴ്ച്ചയുള്ള കിണറുകളാണ് എല്ലാ വാർഡുകളിലേയും സ്ത്രീ തൊഴിലാളികൾ വളരെ അനായാസം കുഴിച്ചത്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതികൾ നടപ്പിലാക്കിയതുവഴി നാടിന്റെ സമഗ്ര വികസനത്തിനും ദാരിദ്ര ലഘൂകരണം, സ്ത്രീ ശാക്തീകരണം, തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കൽ മാത്രമല്ല പ്രത്യുൽപാദനപരമായ ആസ്തി സൃഷ്ട്ടിക്കുവാനും ജലക്ഷാമം പരിഹരിക്കുവാനും സാധിച്ച എന്നത് പഞ്ചായത്തിന്റെ ഒരു വലിയ നേട്ടമായി വിലയിരുത്താം. സ്ത്രീകൂട്ടായ്മയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. ഈ മേഖലയിലുള്ള പഞ്ചായത്തിന്റെ പ്രവർത്തനം ശ്ലാഘനീയവും മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതുമാണ്.

സ്ത്രീ കൂട്ടായ്മയിൽ നിർമ്മിച്ച ഓട്ട പാകിയ കിണർ



## 3-12 "നല്ല ഭൂമി"എന്ന മാതൃകാ പദ്ധതിയിലൂടെ പൂക്കോട്ടുകാവ് മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു

സംസ്ഥാന സർക്കാരിന്റെ ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി നല്ലഭൂമി എന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി പൂക്കോട്ടുകാവിൽ 2016-17 വർഷത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. 123/2017 നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ 165000

ചെലവ് 137620

ബിൽ നം. 21/2016-17 തീയതി 3.3.17 തുക – 137620

മണ്ണിനെ മാലിന്യ മുക്തമാക്കുവാനും ജലസ്രോതസ്സുകളെ സംരക്ഷിക്കുവാനും ഭൂമിയെ ഹരിതാഭമാക്കുവാനും വേണ്ടി തെരുവുകളിലേയും തോടുകളിലേയും ഉൾപ്പെടെ പൊതു സ്ഥലത്തേയും വീടുകളിലേയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കൂടാതെ പുതിയ ജലസ്രോതസ്സുകൾ, ഉറവകൾ എന്നിവയെ കണ്ടെത്തി മണ്ണിനെ ആർദ്രമാക്കുകയും അതിൽ വരും വർഷങ്ങളിൽ ഫലം വിളയിക്കുക തുടങ്ങി മഹത്തായ ഉദ്ദേശ്യ ലക്ഷ്യങ്ങളും ഈ പദ്ധതിയിൽ ഉൾച്ചേർന്നിരുന്നു. ആദ്യ ഘട്ടത്തിൽ ഓരോ വാർഡിലും ജന പങ്കാളിത്തത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അവ റീസൈക്ലിംങ് സെന്ററുകളിലേക്ക് കൈമാറുകയുമുണ്ടായി. പദ്ധതിയുടെ രണ്ടാം ഘട്ടമായി പഞ്ചായത്ത് പരിധിയിലുള്ള ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും നീക്കം ചെയ്തു. തുടർന്ന് 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് കവറുകളും, ഫ്ലക്സ് ബോർഡുകളും നിയമ പരമായി നിരോധിച്ചു. ഈ പദ്ധതി ജനങ്ങളുടെ കൂട്ടായ്മയിൽ ഒരു വൻ വിജയമാക്കിമാറ്റുവാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്.



# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 55626 | 107/16 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 55000 | 626 |
| ജില്ലാ പഞ്ചായത്ത് | 391500 | 57/16-സമഗ്ര നെൽകൃഷി വികസനം | 391500 | 0 |

| | | | | |
|---|---|---|---|---|
| ശുചിത്വ മിഷൻ | 130050 | മഴക്കാല പൂർവ്വ ശുചീകരണ പരിപാടി | 130053 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. /ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 144/16 വൈദ്യുതി ലൈൻ മാറ്റ് സ്ഥാപിക്കൽ | വൗച്ചർ നം. 21600822 തിയതി. 13.3.17 | 148974 | 148353 | പൂർത്തീകരിച്ചു | 621 |
| വാട്ടർ അതോറിറ്റി | 147/16 നിലവിളിക്കുന്ന് കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വൗച്ചർ നം. 21600825 തിയതി 13.3.17 | 35000 | 35000 | പൂർത്തീകരിച്ചു | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ -

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1250/- രൂപ ഈടാക്കി (എ.എഫ്.എസ്. പ്രകാരം)

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

## ഖണ്ഡികകളുടെ വിശദാംശം -

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ ഒന്നും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 37850455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36594509 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 280988 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 280988 | ശ്രീ.കെ.പി.ബാലകൃഷ്ണൻ, അസി.എഞ്ചിനിയർ |
| ആകെ | 280988 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP12/354/2012/ 16.3.2012 | 11 |
| 1997-98 | KSA-PKD12/1059/15/12.10.15 | മുഴുവനും |
| 1998-99 | LFP8/205/08/30.6.09 | 3 |
| 1999-2000 | LFP8/206/08/30.6.09 | 5 |
| 2000-01 | LFP8/207/08/30.6.09 | 2 |
| 2001-02 | LFP8/208/08/30.6.09 | 4 |
| 2002-03 | LFP12/251/13/3.4.13 | 6 |
| 2003-04 | LFP8/210/08/30.6.09 | 7 |
| 2004-05 | LFP8/211/08/30.6.09 | 10 |
| 2005-06 | LFP12/2232/12/24.5.13 | 10 |
| 2006-07 | LFP12/1434/14/5.2.15 | 7 |
| 2007-08 | LFP12/2232/12/24.5.13 | 8 |
| 2008-09 | KSA-PKD12/1331/15/17.9.15 | 12 |
| 2009-10 2010-11 | KSA13434/Spl.Cell/CSC/ D3/15/ 19.12.15 | 11 |
| 2011-12 | LFP12/1582/14/11.11.14 | 15 |

| | | |
|---|---|---|
| 2012-13 | KSA/PKD12/931/15/20.10.15 | 18 |
| 2013-14& 2014-15 | KSA/PKD12/233/16/11.4.16 | 32 |
| 2015-16 | KSA/PKD12/ /16 | 23 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പി.കെ.ഡി12/1800/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -19.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻന്റേഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി മൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തി മൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
3. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD18/1800/2017

Kerala State Audit Department

District Audit Office, Palakkad

Date –19.10.2017

## Audit Certificate

Certified that I have audited the Annual Financial Statement of Pookkottukavu Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pookkottukavu Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflect actual value of assets.
2. Deposit register incomplete
3. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

Deputy Director